അമ്പലപ്പുഴ പഞ്ചായത്തിൽ കടൽഭിത്തി നിർമ്മിക്കാൻ നടപടി

69 [1870] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ 18 കി.മീ. ദൈർഘ്യമുള്ള കടൽത്തീരത്ത്, അമ്പലപ്പുഴ വടക്ക് പഞ്ചായത്തിന്റെ കടലോരത്ത് കടൽഭിത്തി ഇല്ലാത്തതിനാൽ നിരന്തരമായി കടലാക്രമണം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഭാഗത്ത് 1800 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അമ്പലപ്പുഴ വടക്ക് പഞ്ചായത്തിന്റെ കടലോരത്ത് 1500 മീറ്റർ നീളത്തിൽ കടൽഭിത്തി കെട്ടുന്നതിലേക്ക് 279.50 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതാണ്.

കടലാക്രമണം തടയാൻ നടപടി

70 [1872] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായ ആലപ്പാട് പഞ്ചായത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പണി ആരംഭിച്ച് പുരോഗമിച്ചുവരുന്ന കടൽഭിത്തി നിർമ്മാണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കടലാക്രമണം ഏറ്റവും രൂക്ഷമായ ജയന്തി കോളനി പ്രദേശത്തെ ചെയിനേജ് 43900 മുതൽ 44500 വരെയുള്ള ഭാഗങ്ങളിലെ നിർമ്മാണം പൂർത്തിയാകാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ പ്രദേശത്ത് കടൽഭിത്തി നിർമ്മാണം ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവിടുത്തെ നിർമ്മാണം എന്ന് പൂർത്തിയാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലപ്പാട് പഞ്ചായത്തിലെ വെള്ളനാതുരുത്ത്, ജയന്തി കോളനി, ചെറിയഴീക്കൽ, അഴീക്കൽ എന്നീ സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മാണം പുരോഗമിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടൽഭിത്തി നിർമ്മാണത്തിനും നിലവിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനും വേണ്ടി 3.27 കോടി രൂപയുടെ പണികൾ നടന്നുവരുന്നു.

(ബി ആന്റ് സി) ജയന്തി കോളനി പ്രദേശത്ത് ചെയിനേജ് 43.900 മുതൽ 44.140 കി.മീ. വരെയുള്ള 240 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി 36 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള മൂന്ന് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ബാക്കി 380 മീറ്റർ നീളം സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തിക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അനുമതി നൽകുന്നതാണ്.

(ഡി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പൂർത്തിയാക്കുന്നതാണ്.

ബേപ്പൂർ മണ്ഡലത്തിലെ കടലുണ്ടി മുതൽ കപ്പലങ്ങാടി വരെയുള്ള ഭാഗത്തെ കടൽഭിത്തിയുടെ പുനർനിർമ്മാണം

71 [1873] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ കടലുണ്ടി മുതൽ കപ്പലങ്ങാടി വരെയുള്ള ഭാഗത്തെ കടൽഭിത്തി താഴ്ന്നുപോയതിനെ തുടർന്ന് ഈ പ്രദേശത്തെ ശക്തമായ കടലാക്രമണ ഭീഷണി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കടൽഭിത്തി പുനർനിർമ്മിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ;

(സി) ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly